WEDNESDAY 21/12/2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/12/2022.

1. ഇസ്രായേലിൽ പോയി കൃഷി പഠിക്കാൻ കേരളത്തിലെ കർഷകർക്ക് കൃഷി വകുപ്പ് അവസരം ഒരുക്കുന്നു. പരമാവധി 20 കർഷകർക്കാണ് അവസരം. ഈ മാസം 29 വരെ അപേക്ഷിക്കാം. ഇസ്രയേൽ കൃഷിയിലെ സാങ്കേതികവിദ്യകൾ നേരിട്ടുകണ്ടു മനസ്സിലാക്കാനാണ് അവസരം. താൽപര്യമുള്ള കർഷകർ കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ (www.aimsnew.kerala.gov.in) മുഖേന അപേക്ഷിക്കണം. പത്ത് വർഷത്തിന് മുകളിൽ കൃഷി പരിചയവും 50 വയസ്സിന് താഴെയുള്ള, നൂതന രീതികൾ പ്രയോഗിക്കാൻ താല്പര്യമുള്ള കർഷകരെ ആയിരിക്കും തിരഞ്ഞെടുക്കുക. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം നടത്തുവാൻ തീരുമാനിച്ച, സമഗ്രകൃഷി കൃഷിയിടത്തുതന്നെ പ്രദർശിപ്പിക്കുന്ന സെമിനാറുകൾ, പരിശീലനങ്ങൾ, ആധുനിക പരമ്പരാഗത കൃഷിരീതി ശാസ്ത്രപ്രദർശനം, ജൈവവൈവിധ്യ പ്രദർശനം, വിത്ത് മുതൽ വിള വരെ വിവിധ ഘട്ടങ്ങൾ പ്രതിപാദിക്കുന്ന മാതൃക തോട്ടങ്ങൾ, മൂല്യവർദ്ധനവിനുള്ള പ്രായോഗിക പരിശീലനം, റോബോട്ടിക്സ് നിർമ്മിതബുദ്ധി, നാനോ ടെക്നോളജി സങ്കേതങ്ങളുടെ പരിചയപ്പെടുത്തൽ, മൃഗസംരക്ഷണ സാങ്കേതിക വിദ്യകൾ, അപൂർവ്വ ഇനങ്ങളുടെ പ്രദർശനം, ഉൽപ്പന്ന വിപണനമേള, പുഷ്പ ഫല പ്രദർശനം തുടങ്ങിയവ ഉൾപ്പെടുന്ന 'ഫാം ഷോ' –യിലേക്ക് അനുയോജ്യമായ 'ലോഗോ' ക്ഷണിച്ചുകൊള്ളുന്നു. തിരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് പുരസ്കാരം നൽകുന്നതാണ്. ലോഗോ 26.12.2022 –ന് വൈകുന്നേരം 5 മണിക്ക് മുൻപായി ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്. പത്രകുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

3. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടത്ത് പ്രവർത്തിക്കുന്ന NABL Accreditation ലഭിച്ച സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയിലെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പരിശോധനകളും വെള്ളത്തിലെ IS 10500 പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന എല്ലാ പരിശോധനകളും കാലിത്തീറ്റയിലെയും അസംസ്കൃത വസ്തുക്കളിലെയും BIS പ്രകാരമുള്ള എല്ലാ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശോധനകളും ലാബിൽ ചെയ്യുന്നുണ്ട്. കുടിവെള്ളത്തിന്റെ അണുഗുണ നിലവാര പരിശോധനകളും കുറഞ്ഞ നിരക്കിൽ ചെയ്തു കൊടുക്കുന്നു. എല്ലാ പരിശോധനകൾക്കും ഗവൺമെന്റ് അംഗീകൃത ഫീസ് ഈടാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് **0471– 2440074, 9495592514** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

4. കൊല്ലം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പ് പുരസ്കാരം നൽകുന്നു. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഡിസംബർ 24 നകം കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം പരിഗണിക്കുന്നതല്ല. അപേക്ഷ ഫോറം ഗവ. മൃഗാശുപത്രികളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശ സഹിതം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0474 2795076** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കോഴിക്കോട്, വേങ്ങേരി നഗര കാർഷിക വിപണന കേന്ദ്രത്തിൽ **നാളെ മുതൽ** 31 വരെ **വേങ്ങേരി അഗ്രിഫെസ്റ്റ്** എന്ന പേരിൽ വ്യാപാര ഉത്സവം സംഘടിപ്പിക്കുന്നു. കാർഷിക, കാർഷികേതര വിപണനവും, പ്രദർശനവും, നാട്ടുചന്തകൾ, കാർഷിക സെമിനാറുകൾ, പുഷ്പഫല പ്രദർശനം, കന്നുകാലി പ്രദർശനം തുടങ്ങിയവ വിപണന കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്.

6. പന്തളം മൃഗാശുപത്രിയിൽ നിന്നും ഓണാട്ടുകര വികസന പദ്ധതിയുടെ ഭാഗമായി പോത്തുകുട്ടിവളർത്തൽ പദ്ധതിക്കു വേണ്ടിയുള്ള അപേക്ഷ ക്ഷണിക്കുന്നു. പന്തളം മുനിസിപ്പാലിറ്റിയിലുള്ള കർഷകർ പൂരിപ്പിച്ച അപേക്ഷകൾ, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം 2023 ജനുവരി 5 നു മുൻപ് മൃഗാശുപത്രിയിലോ, അടുത്തുള്ള വെറ്ററിനറി സബ് സെന്ററുകളിലോ സമർപ്പിക്കേണ്ടതാണ്.

7. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ 60 ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറിട്ടുണ്ട്. ആവശ്യമുള്ളവർ **9495000923, 9495000933** എന്നീ ഫോൺ

നമ്പരുകളിൽ ബന്ധപ്പെടുകയോ, നേരിട്ട് കൊട്ടിയം ഫാമിൽ നിന്ന് കോഴികളെ വാങ്ങുകയോ ചെയ്യാവുന്നതാണെന്ന് കെപ്കോ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

8. ഐ എഫ് എസ് ആർ എസ് കരമനയിൽ ഗിഫ്റ്റ് തിലാപ്പിയ ഇനം മത്സ്യം ഒരു കിലോക്ക് 150 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്, ആവശ്യമുള്ളവർ നേരിട്ട് വന്ന് വാങ്ങാവുന്നതാണ്.

## പരിശീലന പരിപാടികൾ

9. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലുള്ള കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂരും നാളികേര വികസന ബോർഡും സംയുക്തമായി കർഷകർക്ക് തെങ്ങുകയറ്റ പരിശീലനം, തെങ്ങു കയറ്റ യന്ത്രങ്ങളുടെ ഉപയോഗം, തെങ്ങിന്റെ സംയോജിത രോഗകീട നിയന്ത്രണ മാർഗ്ഗങ്ങൾ, വ്യക്തിത്വ വികസനം, സംരംഭകത്വ വികസന മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ആറു ദിവസം നീണ്ടു നിൽക്കുന്ന സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താത്പര്യമുള്ള കർഷകർ 9400483754 എന്ന നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 70 കർഷകർക്കാണ് മുൻഗണന.

10. ഐ എഫ് എസ് ആർ എസ് കരമനയിൽ സംയോജിത കൃഷി, വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, മട്ടുപ്പാവ് കൃഷി എന്നീ വിഷയങ്ങളിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. സൗജന്യമായി നടത്തുന്ന ഈ പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 9446466239 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

11. വേങ്ങേരി അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ വെച്ച് **കൂൺകൃഷി, ഉപഭോക്തൃ ബോധവത്ക്കരണം, മത്സ്യകൃഷി, അടുക്കളത്തോട്ട നിർമ്മാണം, കിഴങ്ങ് വർഗ്ഗ സംസ്ക്കരണം, തേനീച്ച കൃഷി, ചക്കയുടെ സംസ്ക്കരണം** തുടങ്ങിയ വിഷയങ്ങളിൽ **ഡിസംബർ 23 മുതൽ 30 വരെ** ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ള കർഷകർ **9846197067** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. റബ്ബർബോർഡ് ഇന്നുമുതൽ തേനീച്ചവളർത്തലിൽ ഏകദിനപരിശീലനം (ഓൺലൈൻ) നടത്തുന്നു. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

13. മഴക്കാലത്തും മഞ്ഞു കാലത്തും വ്യാപകമായി ചീരയിൽ കാണാൻ സാധ്യതയുള്ള ഒരു രോഗമാണ് **ഇലപ്പുള്ളി രോഗം.** ഇലകളിൽ വെള്ള നിറത്തോടുകൂടിയ പൊട്ടുകൾ പ്രത്യക്ഷപ്പെടുന്നതാണ് ആരംഭ ലക്ഷണം. രോഗം വരാതെ പ്രതിരോധിക്കുന്നതിനായി പച്ചയും ചുവപ്പും ചീരകൾ ഇടകലർത്തി നടുക, സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 10 ദിവസത്തെ ഇടവേളകളിലായി തളിച്ച് കൊടുക്കുക. 40 ഗ്രാം പാൽക്കായം 8 ഗ്രാം അപ്പക്കാരം 32 ഗ്രാം മഞ്ഞൾ പൊടി എന്നിവ 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ച് കൊടുക്കുന്നതും രോഗ പ്രതിരോധ ശേഷിയ്ക്ക് ഉപകരിക്കും രോഗം നിയന്ത്രിക്കുന്നതിനായി പുതിയ ചാണകത്തിന്റെ തെളിഞ്ഞ ലായനിയിൽ 20 ഗ്രാം സുഡോമോണാസ് ഒരു ലിറ്ററിന് എന്ന തോതിൽ ഇലകളിൽ തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം